പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 162 04.11.2019 - ൽ മറുപടിക്ക്.

കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം<br>,, എ. എൻ. ഷംസീർ<br>,, കെ.വി.വിജയദാസ്<br>,, കെ. ദാസൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നടത്തി വരുന്നത്.<br>1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ആയി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ, വനിതാ ശിശു വികസന, പൊതുവിദ്യാഭ്യാസ എന്നീ വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് നിയമ അവബോധം ഉണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബോധവത്കരണ ക്ലാസുകൾ 14 ജില്ലകളിലും സംഘടിപ്പിച്ചു.<br>2. വയനാട്, പാലക്കാട്, കാസർകോഡ് ജില്ലകളിലെ ഗോത്രവർഗ്ഗ മേഖലകളിൽ സന്ദർശനം നടത്തുകയും ജനങ്ങളിൽ നിന്ന് നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു.<br>3. അംഗനവാടികൾ, റേഷൻ കടകൾ, എഫ്.സി.ഐ, എൻ.എഫ്.എസ്.എ ഗോഡൗണുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി.<br>4. റേഷൻ വിതരണത്തിലുള്ള പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ഗോഡൗൺ, എൻ.എഫ്.എസ്.എ ഗോഡൗൺ, റേഷൻ കടകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ഗുണനിലവാരമില്ലാത്ത ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാൻ പാടില്ല എന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തു.<br>5. പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ കേസെടുത്ത് നടപടി സ്വീകരിച്ചു വരുന്നു. |

6. പ്രളയ ബാധിത പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ കമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തുകയും ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കമ്മീഷന്റെ അധികാരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരവും സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 പ്രകാരവും സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ അധികാരങ്ങൾ താഴെപ്പറയുന്നവയാണ്.

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ അദ്ധ്യായം - II ൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച പരാതിയിൻമേൽ അന്വേഷണം നടത്തുക.

2. ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീൽ പരിഗണിക്കുക.

ഇവ പരിഗണിക്കുമ്പോൾ 1908 - ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ചും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചും സംസ്ഥാന ഭക്ഷ്യ കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. അതായത് : -

(i) ഏതൊരു വ്യക്തിയെയും വിളിച്ചുവരുത്തുവാനും വിസ്തരിക്കുവാനുമുള്ള അധികാരം ;

(ii) ഏതെങ്കിലും രേഖയുടെ വെളിപ്പെടുത്തലോ ഹാജരാക്കലോ ആവശ്യപ്പെടുക ;

(iii) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(iv) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പബ്ളിക് രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക ;

(v) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും ഉള്ള അധികാരം.

3. ഏതൊരു കേസും, അത്തരം കേസ് വിചാരണ ചെയ്യാൻ അധികാരമുള്ള ഒരു മജിസ്ട്രേറ്റിന് കൈമാറാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും, അപ്രകാരം ലഭിക്കുന്ന കേസ്, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 346-ാം വകുപ്പ് പ്രകാരം ലഭിച്ച കേസ്സായി പരിഗണിച്ച് കുറ്റാരോപിതനെതിരെയുള്ള പരാതി പരിഗണിക്കേണ്ടതുമാണ്.

4. ഏതൊരു പരാതിയും അപ്പീലും തീർപ്പുകൽപ്പിക്കുന്ന അവസരത്തിൽ, ജില്ലാ പരാതി പരിഹാര ഓഫീസർ ശുപാർശ ചെയ്യുന്ന പരിഹാരം നൽകുവാൻ, മതിയായ കാരണം കൂടാതെ വിസ്സമ്മതിച്ചുകൊണ്ടോ അങ്ങനെയുള്ള ശുപാർശ കരുതിക്കൂട്ടി അവഗണിച്ചുകൊണ്ടോ കുറ്റം ചെയ്തതായി കണ്ടെത്തുന്ന ഏതൊരു പൊതു സേവകനും അതോറിറ്റിയും 33-ാം വകുപ്പ് പ്രകാരം അയ്യായിരം രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്ക് വിധേയനാവുന്നതാണ്.

5. പരാതിക്കാരന് ഏതെങ്കിലും അവകാശമോ ആനുകൂല്യമോ നൽകാതിരുന്നതായി കണ്ടാൽ, അത് ഉറപ്പ് വരുത്തുന്ന നിയമത്തിലെയോ, ചട്ടങ്ങളിലെയോ വ്യവസ്ഥകൾ നടപ്പിൽ വരുത്തുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഏതെങ്കിലും പൊതു സേവകനോ പൊതു അതോറിറ്റിക്കോ നിർദ്ദേശം നൽകുക.

6. കമ്മീഷൻ മുൻപാകെ ഫയൽ ചെയ്ത പരാതികൾ യുക്താനുസരണം തുടർ നടപടികൾക്കായി ജില്ലാ പരാതി പരിഹാര ഓഫീസർക്ക് കൈമാറുക.

7. നിയമത്തിന്റെ ഉദ്ദേശലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിനായി നിയമവ്യവസ്ഥകൾ ജനങ്ങൾക്കിടയിൽ വ്യാപകമായി പ്രചരണം നടത്തുക.

8. ഭക്ഷണവും പോഷകാഹാര സംരക്ഷണവും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് അധികാരങ്ങളും, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, കമ്മിഷന് വിനിയോഗിക്കാവുന്നതാണ്.

## സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതലകൾ

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ 16 -ാം വകുപ്പിലെ (6)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ വഹിക്കുന്ന ചുമതലകൾ താഴെ പറയുന്നവയാണ്:-

1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുക.

2) നിയമത്തിലെ അദ്ധ്യായം-2 പ്രകാരമുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച് സ്വമേധയാലോ അല്ലാതെയോ ലഭിക്കുന്ന പരാതിയിൻമേൽ അന്വേഷണം നടത്തുക.

3) സംസ്ഥാന സർക്കാരിന് ഈ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ ഉപദേശങ്ങൾ നൽകുക.

4) ഈ നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള അവകാശാധികാരങ്ങൾ വ്യക്തികൾക്ക് പൂർണ്ണമായും പ്രാപ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ, സർക്കാർ ഏജൻസികൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, ബന്ധപ്പെട്ട സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക.

5) ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിൻമേലുള്ള അപ്പീൽ കേൾക്കുക.

6) സംസ്ഥാന നിയമസഭ മുൻപാകെ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് ലഭ്യമാക്കുക.

(സി) സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ 16-ാം വകുപ്പിലെ (1) ഉം (2) ഉം ഉപവകുപ്പുകളും കേരളാ ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018-ലെ 31 ഉം 39 ഉം ചട്ടങ്ങളും പ്രകാരം 17.07.2019-ലെ G.O.(P) No. 15/2019/F&CSD ഉത്തരവിലൂടെ S.R.O.No. 516/2019 വിജ്ഞാപനം മുഖേന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു. ശ്രീ. കെ.വി. മോഹൻകുമാർ. ഐ.എ.എസ് (റിട്ട) ചെയർപേഴ്സനും,

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗങ്ങളായി

1. ശ്രീ. വി. രമേശൻ (പട്ടികജാതി വിഭാഗം)
2. ശ്രീമതി എം. വിജയലക്ഷ്മി (പട്ടികവർഗ്ഗ വിഭാഗം)
3. അഡ്വ. ബി. രാജേന്ദ്രൻ (പൊതുവിഭാഗം)
4. ശ്രീ. കെ. ദിലീപ്കുമാർ (പൊതുവിഭാഗം)
5. ശ്രീമതി പി. വസന്തം (വനിതാ വിഭാഗം)

എന്നിവരും മെമ്പർ സെക്രട്ടറി ശ്രീമതി ശ്രീജ. കെ.എസ് ഉം അടങ്ങുന്നതാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.

സെക്ഷൻ ഓഫീസർ